**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3612** **26-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. വനിതകൾക്കുള്ള സർവ്വീസും രാത്രികാല സർവ്വീസും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിതകൾക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് വനിതകൾക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. നിലവിൽ സർവ്വീസ് നടത്തുന്നില്ല. |
| (ബി) | പ്രസ്തുത സർവ്വീസ് ആദായകരമാണോ; വിശദാംശം നൽകുമോ; എല്ലാ ജില്ലകളിലും ഇത്തരം സർവ്വീസുകൾ ആരംഭിക്കുമോ; | (ബി) | സംസ്ഥാനത്ത് വനിതകൾക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. നിലവിൽ സർവ്വീസ് നടത്തുന്നില്ല. |
| (സി) | കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് നല്കിയിട്ടും കെ.എസ്.ആർ.ടി.സി. ഗ്രാമപ്രദേശങ്ങളിൽ രാത്രി 7 മണിക്ക് ശേഷം സർവ്വീസുകൾ നടത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഗ്രാമപ്രദേശങ്ങളിൽ രാത്രി 7 മണിക്ക് ശേഷം നിലവിലും നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. കൂടാതെ ഗ്രാമപ്രദേശങ്ങളിൽ പൊതുഗതാഗത സൗകര്യം ജനോപകാര പ്രദമായ രീതിയിൽ ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടുകൂടി ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി "ഗ്രാമവണ്ടി" എന്ന നൂതന പദ്ധതി നടപ്പിലാക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി ഗ്രാമീണമേഖലകളിൽ മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭ്യമാക്കാൻ കഴിയുന്നതാണ്. |
| (ഡി) | രാത്രി വൈകി വീട്ടിലെത്തുന്ന തൊഴിലാളികൾക്ക് ഗുണപ്രദമാകുന്നവിധം എട്ടര മണിവരെയെങ്കിലും ഗ്രാമ പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ഗ്രാമപ്രദേശങ്ങളിൽ രാത്രി 7 മണിക്ക് ശേഷം നിലവിലും നഷ്ടം സഹിച്ച് കെ.എസ്.ആർ.ടി.സി നിരവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. കൂടാതെ ഗ്രാമപ്രദേശങ്ങളിൽ പൊതുഗതാഗത സൗകര്യം ജനോപകാര പ്രദമായ രീതിയിൽ ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടുകൂടി ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി "ഗ്രാമവണ്ടി" എന്ന നൂതന പദ്ധതി നടപ്പിലാക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി ഗ്രാമീണമേഖലകളിൽ |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭ്യമാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ